വർഷം	വൈദ്യുതിയിലൂണ്ടായ ലാഭം
2011-12	58.42 മില്യൻ യൂണിറ്റ്
2012-13	155 മില്യൻ യൂണിറ്റ്
2013-14	177 മില്യൻ യൂണിറ്റ്
2014-15	291.25 മില്യൻ യൂണിറ്റ്

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനങ്ങളുടെ ഫലമായി വൈദ്യുതി ഉപഭോഗത്തിൽ പ്രതീക്ഷിക്കുന്ന കുറവ് താഴെ ചേർക്കുന്നു :

(1) ഐസ് പ്ലാന്റുകളിൽ ഐസ് ബ്ലോക്ക് ഉണ്ടാക്കുന്നതിനുള്ള വൈദ്യുതിയുടെ ചെലവ് ഉദ്ദേശം 50 ശതമാനം കുറച്ച് ഒരു വർഷത്തിൽ ഈ മേഖലയിൽ നിന്നും 48 മില്യൻ യൂണിറ്റ് സംരക്ഷിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(2) കാർഷിക മേഖലയിൽ ഊർജ്ജ ക്ഷമതയുള്ള പമ്പുകൾ വഴി ഏകദേശം 40 ശതമാനം ഊർജ്ജം സംരക്ഷിക്കാൻ സാധിക്കുന്നു.

(3) സർക്കാർ ആശുപത്രികളിൽ ഇതുവരെ ഊർജ്ജ സംരക്ഷണ പ്രവർത്തനം വഴി പ്രതിവർഷം ഒരു ലക്ഷത്തി അൻപതിനായിരം യൂണിറ്റ് വൈദ്യുതി സംരക്ഷിക്കാൻ കഴിയുന്നതാണ്.

ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ

44 (411) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൽ റസാക്ക് :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ട്, വൈദ്യുതി ഉപയോഗത്തിന് പുതുതായി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ലാഭകരമായി ഉപയോഗപ്പെടുത്താവുന്ന പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ സംബന്ധിച്ച് ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ആധുനിക സോളാർ, കാറ്റാടി, സങ്കര സംവിധാനങ്ങൾ ഉപഭോക്താക്കൾക്ക് വിശ്വസ്തതയോടെ ഏർപ്പെടുത്തി നല്കാൻ കാര്യക്ഷമതയുള്ള സർക്കാർ ഏജൻസിയെ ചുമതലപ്പെടുത്തി പദ്ധതി വിജയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ട് 11-10-2015 ലെ S.R.O. No. 401/2015 പ്രകാരം എല്ലാത്തരം ഉപഭോക്താക്കളും വൈദ്യുതി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

ഗാർഹികം :

- 2000 സ്ക്വയർ ഫീറ്റിനും 3000 സ്ക്വയർ ഫീറ്റിനും ഇടയിലുള്ള വീടുകളിൽ 500 W-ന്റെ സൗരോർജ്ജ പാനൽ സ്ഥാപിക്കേണ്ടതാണ്.
- 3000 സ്ക്വയർ ഫീറ്റോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ള വീടുകളിൽ 1kwp ശേഷിയുള്ള സൗരോർജ്ജ പാനൽ സ്ഥാപിക്കേണ്ടതാണ്. കൂടാതെ 2000 സ്ക്വയർ ഫീറ്റിനു മുകളിൽ ഉള്ള വീടുകളിൽ 100 ലിറ്ററിന്റെ സൗരോർജ്ജ വാട്ടർ ഹീറ്റർ സ്ഥാപിക്കേണ്ടതാണ്.
- പുതുതായി സ്ഥാപിക്കുന്ന ഇൻവെർട്ടറുകൾ സൗരോർജ്ജത്താൽ പ്രവർത്തിക്കുന്നത് ആയിരിക്കണം.
- എല്ലാ സർക്കാർ പൊതു കെട്ടിടങ്ങളിലും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ 4-ഉം 5-ഉം സ്റ്റാർ ഉള്ള ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. ഊർജ്ജ കാര്യക്ഷമത കൂടിയ T5 ട്യൂബുകളും LED ബൾബുകളും ഉപയോഗിക്കേണ്ടതാണ്.

വാണിജ്യസംബന്ധമായ കെട്ടിടങ്ങൾ :

- കണക്ടഡ് ലോഡിൽ 100KW-നുമുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾ (Commercial Buildings) കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിലവിൽ വരുമ്പോൾ അത് അനുസരിക്കേണ്ടതാണ്.
- വാണിജ്യ കെട്ടിടങ്ങളിൽ ഇൻകാൻഡസെന്റ് ബൾബുകൾ മാഗ്നറ്റിക് ചോക്കോടുകൂടിയ ഫ്ളൂറസെന്റ് വിളക്കുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല.
- എല്ലാ ഹൈടെൻഷൻ/ എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കളും 1-1-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം നിർബന്ധിതമായ ഊർജ്ജ ആഡിറ്റ് നടത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷികം :

- 11-4-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പമ്പുകൾ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ 4-ഉം 5-ഉം സ്റ്റാർ മുദ്രയുള്ളവയായിരിക്കണം.
- സംസ്ഥാനത്തുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഊർജ്ജ സംരക്ഷണ പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്.
- പൊതു സ്ഥലങ്ങളിൽ വിളക്കുകൾ ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിക്കേണ്ടതാണ്.

തെരുവ് വിളക്കുകൾ :

- റോഡിന് അനുയോജ്യമായ IS 1944 അനുശാസിക്കുന്ന വെളിച്ചം ലഭ്യമാകുന്ന വിളക്കുകൾ ഉപയോഗിക്കേണ്ടതാണ്.
- സാധാരണ ബൾബുകൾ തെരുവ് വിളക്കുകളായി ഉപയോഗിക്കാൻ പാടുള്ളതല്ല. ഇവ ഉപയോഗിക്കുന്ന സ്ഥലങ്ങൾ ഉണ്ടെങ്കിൽ അവ നീക്കം ചെയ്ത് എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. പുതുതായി സ്ഥാപിക്കുന്ന ഹൈമാസ്റ്റ് ലോമാസ്റ്റ് ലൈറ്റുകളിൽ എൽ.ഇ.ഡി. ബൾബുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെക്കുറിച്ച് ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കാനായി പ്രദർശനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, 'സൗരവീഥി' എന്ന പേരിലുള്ള പ്രസിദ്ധീകരണം, വിവിധ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം എന്നിവ അനെർട്ട് സംഘടിപ്പിച്ചു വരുന്നു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഊർജ്ജ സംരക്ഷണ വിഭാഗമായ "എസ്കോട്ടിന്റെ" ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം അവബോധ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. വൈദ്യുത സ്വയം പര്യാപ്തത പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കിടയിലും നാഷണൽ സർവ്വീസ് സ്കീമുമായി (NSS) സഹകരിച്ച് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ സംബന്ധിച്ച് അവബോധം സൃഷ്ടിച്ചുവരികയാണ്.

(സി) സോളാർ-കാറ്റാടി സങ്കര സംവിധാനങ്ങൾ സംസ്ഥാനത്ത് പ്രചരിപ്പിക്കുവാൻ ചുമതലയുള്ള അനെർട്ട് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.